COCHIN LEGISLATIVE COUNCIL PROCEEDINGS

OFFICIAL REPORT OF THE BUDGET SESSION, 1120

Saturday, *the* $\frac{\textit{4th August 1945}}{\textit{20th Karkadagam 1120}}$

The Council met in the Council Hall, Ernakulam, at half past Eleven of the Clock with the Hon'ble the President (Sir GEORGE BOAG, K.C.I.E., C.S.I.), in the Chair.

Messrs. Thattil Kochuvaried, S. S. Koder and Mrs. Dahakshayani Velayudhan were absent.

QUESTIONS AND ANSWERS

GRAZING GROUNDS

65. Mr. P. Mani *(Kanayannur):*

താഴെപറയുന്ന ചോദ്യങ്ങൾക്കു ഗവമ്മെണ്ടു സദയം മറുപടി പറയുമോ.—

(എ) ഓരോ വില്ലേജുകളിലും കന്നുകാലികൾക്കു് മേയുന്നതിനു പൊതുമേച്ചിൽ സ്ഥലങ്ങൾ ഉണ്ടായിരിക്കേണ്ടതിന്റെ അവശ്യകത ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവയില്ലാത്ത വില്ലേജുകളിൽ അടുത്ത ദോവിയിൽ ഉണ്ടാക്കുന്നതിനു ഗവമ്മെണ്ടിൽനിന്നും ഉദ്ദേശിക്കുന്നുണ്ടോ?

Mr. Parambi Lonappen *(Minister for Rural Development):*

(എ) ഉവ്വു്.

(ബി) ഉവ്വു്. മേച്ചിൽസ്ഥലങ്ങൾ ഇല്ലാത്ത വില്ലേജുകളിലെ സ്ഥിതിഗതികൾ പ്രത്യേകം അന്വേഷിച്ചറിഞ്ഞു് ഓരോ വില്ലേജിലും വെള്ളത്തിനു സൌകര്യത്തോടുകൂടി ഇരുപതു് ഏക്കർ സ്ഥലം വീതം മേച്ചിൽസ്ഥലങ്ങളായി വിനിയോഗിക്കുവാനുള്ള ഒരു പദ്ധതി ഗവമ്മെണ്ടു് ആലോചിക്കുന്നുണ്ടു്.

മിസ്റ്റർ പി. മാണി: "ഒ ഠ ഏക്കർ സ്ഥലം വീതം മേച്ചിൽസ്ഥലങ്ങളായി വിനിയോഗിക്കുവാനുള്ള ഒരു പദ്ധതി ഗവമ്മെണ്ടു് ആലോചിക്കുന്നുണ്ടെന്നു" പറഞ്ഞിട്ടുണ്ടു്. അതുണ്ടാക്കുന്നതിനു തീരുമാനിച്ചിട്ടുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: തീരുമാനിച്ചിട്ടില്ല.

മിസ്റ്റർ കെ. ടി. അച്യുതൻ: വല്ല സ്ഥലങ്ങളും എടുക്കുന്നതിനു ഗവമ്മെണ്ടു് അന്വേഷിച്ചിട്ടുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അന്വേഷണം നടത്തുകയാണു്.

മിസ്റ്റർ പി. മാണി: എത്രകാലത്തിനുള്ളിൽ ഇതു നടത്തുവാൻ സാധിക്കുമെന്നു ഗവമ്മെണ്ടിനു തോന്നുന്നുണ്ടു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഫ ഫ ഫ-ൽ നടത്തണമെന്നാണു് ഉദ്ദേശം.

മിസ്റ്റർ പി. മാണി: ഒ ഠ ഏക്കർ സ്ഥലം എടുക്കുവാൻ തീരുമാനിച്ചിട്ടുള്ളതു് ഒരു സ്ഥലത്തോ അല്ലെങ്കിൽ പലേ സ്ഥലങ്ങളായിട്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അതു് സർവ്വെ നടത്തിയതിനുശേഷം വേണ്ടതുപോലെ ചെയ്യാം.

മിസ്റ്റർ പി. നാരായണമേനോൻ: എത്രകൊല്ലമായി സർവ്വെ തുടങ്ങീട്ടു് എന്നു പറയാമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: രണ്ടുമൂന്നു കൊല്ലമായിട്ടുണ്ടു്.

മിസ്റ്റർ പി. നടരാജൻ ചെട്ടിയാർ: ചില മേച്ചിൽസ്ഥലങ്ങളിൽ പാറയുള്ളതായിട്ടു ഗവമ്മെണ്ടിനറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പറമ്പി ലോനപ്പൻ: ചില സ്ഥലത്തു പാറയുണ്ട്.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: അവിടെ പുല്ലുകൃഷി ഉണ്ടാക്കാൻ ശ്രമിക്കുമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അതാണ് ഗവമ്മെണ്ട് നോക്കുന്നതു്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തശ്ശൻ: എത്ര വില്ലേജുകളിൽ ഇപ്പോൾ മേച്ചിൽ സ്ഥലങ്ങളുണ്ട്?

മിസ്റ്റർ പറമ്പി ലോനപ്പൻ: നോട്ടീസ്സ് വേണം.

മിസ്റ്റർ വി ആർ. കൃഷ്ണനെഴത്തശ്ശൻ: ഏതെങ്കിലും സ്ഥലത്തുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: തലപ്പിള്ളി താലൂക്കിലുണ്ട്.

മിസ്റ്റർ പി മാണി: - ആ മേച്ചിൽസ്ഥലത്തു പുല്ലുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഉണ്ടാകും.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തശ്ശൻ: തലപ്പിള്ളി താലൂക്കിലുള്ളതു് ഗവമ്മെണ്ടിന്റെ വകയോ അല്ലെങ്കിൽ വല്ലവരുടേയുമൊ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഗവമ്മെണ്ടുവകയാണ്. ഫോറസ്റ്റിൽ ഒരു ഭാഗത്തു ഒഴിഞ്ഞുകിടക്കുന്ന സ്ഥലമാണ്.

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: മേച്ചിൽസ്ഥലങ്ങൾ കൊള്ളികൂത്തുവാൻ കൊടുത്തിട്ടുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ചിലതു കൊടുത്തിട്ടുണ്ട്.

മിസ്റ്റർ പി. നാരായണമേനോൻ: കൊച്ചികണയന്നൂർ താലൂക്കിൽ മേച്ചിൽസ്ഥലങ്ങളുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഇല്ല.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: പശുക്കൾക്കു മേയുവാനുള്ള സ്ഥലമാണോ കൊള്ളികൂത്തുവാൻ കൊടുത്തിട്ടുള്ളതു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: അല്ല.

മിസ്റ്റർ എ. ഈച്ചരമേനോൻ: എല്ലാ വില്ലേജുകളിലും ഒ ഠ ഏക്കർ സ്ഥലം വീതം എടുക്കുവാൻ സാധിക്കുമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അതിനാണ് സർവ്വെ നടത്തുന്നതു്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തശ്ശൻ: വെള്ളം കിട്ടുന്നതിനു സൌകര്യമുള്ള പ്രദേശം കിട്ടുന്നതിനാണോ സർവ്വെ നടത്തുന്നതു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: അതും നോക്കുന്നുണ്ട്.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: സ്ഥലമന്വേഷിച്ചു തുടങ്ങീട്ടു എത്ര നാളായി?

മിസ്റ്റർ പറമ്പി ലോനപ്പൻ: അന്വേഷണം തുടങ്ങീട്ടു ഒമ്പതുമാസമായി.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ഒമ്പതു മാസത്തെ അന്വേഷണംകൊണ്ടു് കണ്ടുകിട്ടീട്ടുള്ള സ്ഥലങ്ങളിൽ ഫാ൦-ക്ക് ൻ൯-ം വെള്ളമില്ലാത്തവയാണെന്നറിയാമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അന്വേഷിച്ചു റിപ്പോർട്ട് കിട്ടീട്ടില്ല.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: അന്വേഷിച്ചു റിപ്പോർട്ട് ചെയ്യുന്നതിനു ആരെയാണ് ഏല്പിച്ചിരിക്കുന്നതു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: അഗ്രിക്കൾച്ചർ ഡിപ്പാർട്ടുമെണ്ടിന്റെയാണോ?

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ആ ഡിപ്പാർട്ടുമെണ്ടിൽ ആരാണ് റിപ്പോർട്ട് സമർപ്പിക്കേണ്ടതു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: അഗ്രിക്കൾച്ചറൽ ഡയറക്ടരാണ്.

മിസ്റ്റർ പി. നാരായണമേനോൻ: കൊച്ചികണയന്നൂർ താലൂക്കിൽ ഡെയറിഫാറമുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഉണ്ട്.

മിസ്റ്റർ പി. നാരായണമേനോൻ: ആ ഫാറത്തിൽ എത്ര പശുക്കളുണ്ട്?

മിസ്റ്റർ പറമ്പി ലോനപ്പൻ: അറിഞ്ഞുകൂടാ.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. നാരായണമേനോൻ: അതിനു മേയുവാൻ സ്ഥലമുണ്ടാക്കീട്ടുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അവർതന്നെയുണ്ടാക്കീട്ടുണ്ട്.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: വെള്ളം കിട്ടുന്നതിനു സൌകര്യമുള്ള സ്ഥലമെന്നു പറഞ്ഞു. എങ്ങിനെ വെള്ളമുള്ള സ്ഥലമാണ്?

മിസ്റ്റർ പറമ്പി ലോനപ്പൻ: ചെറിയ അരുവികളൊ, കുളങ്ങളൊ ഉള്ള സ്ഥലം.

മിസ്റ്റർ പി. കെ. പോൾ: ചില വില്ലേജിൽ കന്നുകാലികൾ കൂടുതൽ ഉണ്ടാകും. ചില വില്ലേജിൽ കുറവായിരിക്കും. അതുകൊണ്ട് കന്നുകാലികളുടെ എണ്ണമനുസരിച്ചുള്ള സ്ഥലം ഓരോ വില്ലേജിനും കൊടുക്കേണ്ടതല്ലേ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഓരോ വില്ലേജിലുമുള്ള കന്നുകാലികൾക്ക് ഇതു മതിയാകുമെന്നുദ്ദേശിച്ചാണ് ഈ ക ാ ഏക്രു വെച്ചതു.

മിസ്റ്റർ ജോസ് കെ. വർഗ്ഗീസ്: ഓരോ വില്ലേജിലേയും കന്നുകാലികളുടെ സെൻസസ്സ് എടുക്കുന്നുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഉണ്ട്.

മിസ്റ്റർ ജോസ് കെ. വർഗ്ഗീസ്: ഈ സെൻസസ്സ് ടീച്ചേഴ്സാണൊ എടുക്കുന്നതു?

മിസ്റ്റർ പറമ്പി ലോനപ്പൻ: ടീച്ചേഴ്സും എടുക്കുന്നുണ്ട്.

മിസ്റ്റർ പി. കെ. പോൾ: കന്നുകാലികളുടെ സെൻസസ്സ് എടുക്കുന്ന ജോലിയിൽനിന്നു മാസ്റ്റർമാരെ ഒഴിവാക്കരുതോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ടീച്ചേഴ്സ് വളരെ ആവശ്യമാണ്.

DAILY WAGES OF AGRICULTURAL LABOURERS—SIRKAR FARMS AND GARDENS

66. Mr. P. Narayana Menon *(Trippunittura);* Will Government be pleased to state.—

the rate of daily wages paid to the agricultural labourers of the following category working in the Sirkar Farms and Gardens (1) child (2) Adult male (3) Adult female.

Mr. Parambi Lonappen *(Minister for Rural Development):* A statement is given below.

	Child	*Adult male*	*Adult female*
Central Farm	6 as. to 8 as. each	12 as. to Re. 1 each	7 as. and 8 as. each
Cocoanut station	Nil	Rs. 1—8—0 to Rs. 2	Nil
Gardens	Nil	Re. 0—10—0 to Re. 1	6 as. to 8 as.

Mr. V. R. Krishnan Ezhuthassan *(Urakam):* Is it casual labour or permanent labour?

Mr. Parambi Lonappen *(Minister for Rural Development):* Casual labour.

മിസ്റ്റർ പി. നാരായണമേനോൻ: ഈ പറഞ്ഞ കൂലികളൊക്കെ കൊടുക്കുന്നതു ഇൻക്രിമെന്റനുസരിച്ചാണോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഓരോരുത്തരുടെ യോഗ്യതയും പണിയുടെതോതും അനുസരിച്ചാണ് കൂലി നിശ്ചയിച്ചിട്ടുള്ളതു.

മിസ്റ്റർ പി. കെ. ഡീവർ: അവക്ക് ഇതു കൂടാതെ ഡിയർനസ് അലവൻസ് വല്ലതുമുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഇല്ല.

മിസ്റ്റർ പി. നാരായണമേനോൻ: ഓരോ സ്ഥലത്തും ഓരോവിധത്തിലുള്ള കൂലിയാണൊ കൊടുക്കുന്നതു?

മിസ്റ്റർ പറമ്പി ലോനപ്പൻ: അതെ.

മിസ്റ്റർ കെ ടി അച്ചുതൻ: കൂലിക്കാർ ഇത്ര മണിക്കൂർ ജോലി ചെയ്യണമെന്നുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഉണ്ട്. കാലത്തു ൭ മണിമുതൽ വൈകുന്നേരം ൫ മണിവരെ ജോലി ചെയ്യണം.

മിസ്റ്റർ പി. കെ. ഡീവർ: അവർ ദിവസവും ൪ മണിക്കൂറിലധികം ജോലി ചെയ്യുന്നുണ്ടെന്നു ഗവൺമെണ്ടിനറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly